**No. CEE/1999/MDS-2021/TA4**

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം– 695 001.

# പത്രക്കുറിപ്പ്

## ബിരുദാനന്തര ബിരുദ ദന്തൽ (എം.ഡി.എസ്) കോഴ്സുകളിലേയ്ക്കുള്ള പ്രവേശനം–2021 അപേക്ഷാർത്ഥികളുടെ ശ്രദ്ധയ്ക്ക്

2021 വർഷത്തെ പി.ജി. ദന്തൽ കോഴ്സുകളിലെ സംസ്ഥാന ക്വാട്ടാ സീറ്റുകളിലേക്കുള്ള പ്രവേശനത്തിനായുള്ള അപേക്ഷാ സമർപ്പണവും ഓപ്ഷൻ രജിസ്ട്രേഷനും 30.09.2021 മുതൽ ആരംഭിച്ച് 05.10.2021 വൈകുന്നേരം 5.00 ന് അവസാനിക്കുകയാണ്. സംസ്ഥാന അലോട്ട്മെന്റിന് അഖിലേന്ത്യാ ക്വാട്ടാ അലോട്ട്മെന്റ് ഷെഡ്യൂൾ പാലിക്കേണ്ടതിനാലും സംസ്ഥാനത്തെ ആദ്യഘട്ട അലോട്ട്മെന്റ് അഖിലേന്ത്യാ ക്വാട്ടയിലേക്കുള്ള രണ്ടാം ഘട്ട അലോട്ട്മെന്റിന് മുൻപ് പൂർത്തിയാക്കേണ്ടതിനാലും നിശ്ചിത സമയപരിധിക്കുള്ളിൽ ആദ്യഘട്ട അലോട്ട്മെന്റ് പൂർത്തിയാക്കേണ്ടതുണ്ട്. ഈ സാഹചര്യത്തിൽ, വിദ്യാർത്ഥികൾ നിശ്ചിത സമയത്തിനുള്ളിൽ നൽകിയ ഓപ്ഷനുകളുടെയും ഓൺലൈൻ അപേക്ഷയോടൊപ്പം ആവശ്യപ്പെട്ട കാറ്റഗറി/കമ്മ്യൂണിറ്റി ക്ലെയിമുകളുടെയും അടിസ്ഥാനത്തിലുള്ള പ്രൊവിഷണൽ അലോട്ട്മെന്റ് ലിസ്റ്റ് 06.10.2021 ന് പ്രസിദ്ധീകരിക്കുന്നതാണ്.

ഓൺലൈൻ അപേക്ഷയോടൊപ്പം വിദ്യാർത്ഥികൾ ആവശ്യപ്പെട്ട ക്ലെയിമിന്റെ അടിസ്ഥാനത്തിലാണ് ആദ്യഘട്ട അലോട്ട്മെന്റ് പ്രസിദ്ധീകരിക്കുന്നത് എന്നുള്ളതിനാൽ പ്രവേശന സമയത്ത് കാറ്റഗറി/കമ്മ്യൂണിറ്റി ക്ലെയിം സംബന്ധിച്ച തെളിവുകൾ ഹാജരാക്കാൻ കഴിയാതെ വരുന്ന പക്ഷം കാറ്റഗറി/കമ്മ്യൂണിറ്റി ക്വാട്ടയിൽ ലഭിച്ച അലോട്ട്മെന്റ് റദ്ദാകുന്നതാണ്. കൂടാതെ കാറ്റഗറി ക്ലെയിം റദ്ദാകുന്ന പക്ഷം ലഭിച്ച അലോട്ട്മെന്റിന്റെ ലോവർ ഓപ്ഷനുകളും റദ്ദാകുന്നതാണ്. കാറ്റഗറി ക്ലെയിം റദ്ദാകുന്ന വിദ്യാർത്ഥികളെ ജനറൽ വിഭാഗത്തിൽ ഉൾപ്പെടുത്തിയായിരിക്കും തുടർന്നുള്ള അലോട്ട്മെന്റിന് പരിഗണിക്കുന്നത്. ആയതിനാൽ ഓൺലൈൻ അപേക്ഷയോടൊപ്പം കമ്മ്യൂണിറ്റി/കാറ്റഗറി ക്ലെയിം ആവശ്യപ്പെട്ടിട്ടുണ്ടെങ്കിൽ ആയത് തെളിയിക്കുന്നതിനാവശ്യമായ ഡോക്യുമെന്റുകൾ/ സർട്ടിഫിക്കറ്റുകൾ പ്രവേശനസമയത്ത് ഹാജരാക്കുവാൻ വിദ്യാർത്ഥികൾക്ക് സാധിക്കേണ്ടതാണ്.

ഈ സാഹചര്യത്തിൽ നിശ്ചിത സമയത്തിനുള്ളിൽ അപേക്ഷാ സമർപ്പണം പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്ക് 05.10.2021, 5.00 മണി മുതൽ7.00 മണിവരെ ഹോം പേജിൽ ലഭ്യമായ 'Category Correction Window' എന്ന മെനു ഉപയോഗിച്ച് അപേക്ഷയിൽ ഉന്നയിച്ച കാറ്റഗറി/കമ്മ്യൂണിറ്റി ക്ലെയിമുകൾ തിരുത്തുന്നതിനും വിട്ടുപോയവ കൂട്ടിചേർക്കുന്നതിനും അവസരം നൽകുന്നതാണ്. ആദ്യഘട്ട അലോട്ട്മെന്റ് നടപടികൾ നിശ്ചിത സമയപരിധിക്കുള്ളിൽ പൂർത്തിയാക്കേണ്ടതിനാൽ എല്ലാ അപേക്ഷാർത്ഥികളും അവർ ആശ്യപ്പെട്ട കാറ്റഗറി/കമ്മ്യൂണിറ്റി സംബന്ധിച്ച വിവരങ്ങൾ ശരിയാണോയെന്ന് ഉറപ്പു വരുത്താനായി ഈ അവസരം പരമാവധി വിനിയോഗിക്കേണ്ടതാണ്.

ആദ്യഘട്ട അലോട്ട്മെന്റ് സംബന്ധിച്ച വിശദമായ വിജ്ഞാപനം പിന്നീട് പ്രസിദ്ധീകരിക്കുന്നതാണ്.

**ഹെൽപ്പ് ലൈൻ നമ്പർ: 0471– 2525300**

തിരുവനന്തപുരം
02.10.2021

**പ്രവേശന പരീക്ഷാ കമ്മീഷണർ**